"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി -തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ -മരണപ്പെട്ട ശ്രീ.വിൻസന്റ് ഹെൻറിയുടെ മകൻ ശ്രീ.വിപിൻ വിൻസന്റ് -ന് സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(കൈ) നം.58/2025/LSGD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. സ.ഉ(പി) നം.12/99/ഉ.ഭ.പ.വ തീയതി 24.05.1999
2. സ.ഉ.(പി) നം.12/2023/ഉഭപവ തീയതി 14.07.2023
3. ശ്രീ.വിപിൻ വിൻസന്റ് സമർപ്പിച്ച 12.08.2022 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.08.2023തീയതിയിലെ -ലെ LSGD/PD/8312/2023-DEF1, 20.01.2024-ലെ LSGD/PD/69782/2023-DEF7 എന്നീ നമ്പർ കത്തുകൾ
5. കണ്ണൂർ ജില്ലാ കളക്ടറുടെ 07.02.2025 തീയതിയിലെ DCKNR/2873/2024-A5-നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 16.08.2021 തീയതിയിൽ മരണപ്പെട്ട ശ്രീ.വിൻസന്റ് ഹെൻറിയുടെ മകൻ ശ്രീ.വിപിൻ വിൻസന്റ്(വിനിഷ നിവാസ്, പൊന്നുവാച്ചേരി, പാറാൽ.പി.ഒ., തലശ്ശേരി, കണ്ണൂർ പിൻ-670671) ജോലി ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.വിൻസന്റ് ഹെൻറിയുടെ സേവനകാലം 20 വർഷം, 08 മാസം, 28 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനനതീയതി 09.11.1965-ഉം സർവീസിൽ പ്രവേശിച്ച തീയതി 07.08.2000 എന്നിങ്ങനെയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം 4,5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) ശ്രീ.വിപിൻ വിൻസന്റ്, ഹയർസെക്കൻഡറി, വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുണ്ട്. ടിയാന്റെ ജനന തിയതി 28.05.2001 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (12.08.2022) സമർപ്പിച്ചുണ്ട്. ഈ ജോലിക്കായി ശ്രീ.വിൻസന്റ് ഹെൻറിയുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് തലശ്ശേരി നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. ടിയാന്റെ കുടുബവാർഷിക വരുമാനം ₹36,000/- (മുപ്പത്തിയാറായിരം രൂപ മാത്രം) ആണെന്ന് കോടിയേരി വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക്

യോഗ്യത നേടിയിട്ടുമുണ്ട്.

3) 21.02.2018-ലെ സ.ഉ(കൈ)നം.5/2018/ഉഭപവ നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ച് കൊള്ളാമെന്നുള്ള സംരക്ഷണസമ്മതമൊഴിയും, ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (2) ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും അപേക്ഷകൻ ലഭ്യമാക്കിയിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 16.08.2021 തീയതിയിൽ മരണപ്പെട്ട ശ്രീ.വിൻസന്റ് ഹെൻറിയുടെ മകൻ ശ്രീ.വിപിൻ വിൻസന്റ്-ന് കണ്ണൂർ ജില്ലയിൽ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5) പ്രിൻസിപ്പൽ ഡയറക്ടർ/ബന്ധപ്പെട്ട നഗരസഭാസെക്രട്ടറി ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6) ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഞ്ജലിദേവി എ ജി

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം

ജില്ലാ കളക്ടർ,കണ്ണൂർ

സെക്രട്ടറി ,കണ്ണൂർ നഗരസഭ

ശ്രീ.വിപിൻ വിൻസന്റ്(വിനിഷ നിവാസ്, പൊതുവാച്ചേരി, പാറാൽ പി.ഒ, തലശ്ശേരി കണ്ണൂർ പിൻ-670671)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 27-03-2025 13:10:05

സെക്ഷൻ ഓഫീസർ